"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ് - ആലപ്പുഴ ജില്ല വെളിയനാട് ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ.ജെമിനി കുമാർ.ജി -യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.958/2024/LSGD    തീയതി,തിരുവനന്തപുരം, 02-06-2024

---

പരാമർശം:-

1. 25.07.2018 ലെ റൂൾസ് 1/235/18 നമ്പർ സർക്കുലർ
2. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 02.01.2001 ലെ ഇ3/1200/97 നമ്പർ നടപടിക്രമം
3. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 30.09.2022ലെ DDP-ALP/10624/2022-E3 നമ്പർ നടപടിക്രമം
4. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 10.12.2021ലെ ഇ3-18035/2021/കെ ഡിസ് നമ്പർ നടപടിക്രമം
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26.10.2023ലെ LSGD/PD/60392/2023-DEC3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ വെളിയനാട് ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് തസ്തികയിൽ 21.05.1998 തീയതിയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ശ്രീ.ജെമിനി കുമാർ.ജി-യുടെ പ്രസ്തുത തസ്തികയിലെ നിയമനം പരാമർശം (2) പ്രകാരം ക്രമവൽകരിച്ചിട്ടുള്ളതാണെന്നും, ടിയാൾ എം.ഒ.പിപരീക്ഷ യഥാസമയം പാസ്സാകാത്തതിനാൽ 21.05.2000 തീയതി മുതൽ ഒരു വർഷത്തേക്ക് ടിയാന്റെ നിരീക്ഷണ കാലയളവ് പരാമർശം (3) പ്രകാരം ദീർഘിപ്പിച്ചിട്ടുണ്ടെന്നും, ശ്രീ.ജെമിനി കുമാർ.ജി-യ്ക്ക് 24.05.2018 തീയതിയിൽ 50 വയസ്സ് പൂർത്തീയായതിനാൽ വകുപ്പ് തല പരീക്ഷ പാസ്സാകുന്നതിൽ നിന്നും പരാമർശം (4) പ്രകാരം ടിയാനെ സ്ഥിരമായി ഒഴിവാക്കിയിട്ടുണ്ടെന്നുമുള്ള റിപ്പോർട്ടിനൊപ്പം ശ്രീ ജെമിനി കുമാർ ജി - യ്ക്ക് 24.05.2018 തീയതിയിൽ 50 വയസ്സ് പൂർത്തിയായ സാഹചര്യത്തിൽ 25.05.2018 തീയതി വരെ ടിയാന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിക്കുന്നതിനായി പരാമർശം (5) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (5) പ്രകാരമുള്ള ശിപാർശ പരിഗണിച്ച്, 24.05.2018 -ന് 50 വയസ്സ് പൂർത്തിയായ വെളിയനാട് ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ.ജെമിനി കുമാർ.ജി-യുടെ പ്രൊബേഷൻ 24.05.2018 പ്രാബല്യത്തിൽതന്നെ പ്രഖ്യാപിക്കുന്നതിന് ഉതകുമാറ് ടിയാളുടെ പ്രൊബേഷൻ കാലയളവ് കെ എസ് & എസ് എസ് ആർ പാർട്ട് 2 ചട്ടം 13 ബി പ്രകാരവും പരാമർശം (1) സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായും 21.05.2001 മുതൽ 24.05.2018

വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2. ജില്ലാ ജോയിന്റ് ഡയറക്ടർ.തദ്ദേശസ്വയംഭരണവകുപ്പ് , ആലപ്പുഴ (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. സെക്രട്ടറി, വെളിയനാട് ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4. ശ്രീ. ജെമിനി കുമാർ ജി , ക്ലർക്ക് , വെളിയനാട് ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
6. ഡയറക്ടർ , ഐ കെ എം
7. ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8. കരുതൽ ഫയൽ (ഫയൽ നം.298//ഇപിഎ1/2023-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 05-06-2024 18:25:59
സെക്ഷൻ ഓഫീസർ